ഉത്തരം

ഇല്ല.

വിദേശ സഞ്ചാരികളിൽ നിന്നുള്ള വരുമാനം

9 [172] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇത് മുൻവർഷത്തെ അപേക്ഷിച്ച് എത്രത്തോളം കൂടുതലാണെന്ന് അറിയിക്കാമോ;

(സി) ഇതിൽ നിന്നും സംസ്ഥാനത്തിന് അധികമായി ഉണ്ടായ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശ സഞ്ചാരികൾക്കു നേരേയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സീസണിൽ (ഒക്ടോബർ 2003 മുതൽ ഏപ്രിൽ 2004-വരെ) 237301 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായി കണക്കാക്കുന്നു.

(ബി) ഇതു മുൻവർഷത്തെ അപേക്ഷിച്ച് 30.39 ശതമാനം കൂടുതലാണ്.

(സി) കണക്കാക്കിയിട്ടില്ല. വരുമാനം വർഷാവസാനമാണ് കണക്കാക്കുന്നത്.

(ഡി) വിദേശ സഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷിതത്വം നൽകുക എന്ന ലക്ഷ്യം മുൻനിറുത്തി എല്ലാ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടൂറിസം പോലീസിന്റെ സേവനവും, പ്രധാന ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി ഈ വിഷയത്തിൽ ജനങ്ങൾക്ക് വേണ്ടത്ര അറിവുനൽകുന്നു. കൂടാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കും, സ്കൂൾ-കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബ്ബുകൾ വഴിയും വിദേശ സഞ്ചാരികൾക്ക് ആവശ്യമായ സ്നേഹവും, സുരക്ഷിതത്വവും ഉറപ്പാക്കുന്ന തരത്തിലുള്ള അവബോധം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly